# ഗവ. ഹയർ സെക്കണ്ടറി സ്കൂൾ അയ്യൻകോയിക്കൽ

---

## അന്താരാഷ്ട്ര നിലവാരത്തിലേക്ക് മികവിന്റെ കേന്ദ്രം....

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025–2026

# ആമുഖം

അഷ്ടമുടിക്കായലിന്റെ ചിറ്റോളങ്ങൾ തഴുകി തലോടുന്ന കോയിവിള എന്ന പ്രകൃതി സുന്ദരഗ്രാമത്തിൽ നൂറ്റാണ്ടിന്റെ ചരിത്രം പേറുന്ന ഏക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളാണ് കൊല്ലം ജില്ലയിലെ ചവറ സബ്ജില്ലയിൽ തേവലക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന "അയ്യൻ കോയിക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ."

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ തന്നെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെട്ട ഒരു വിദ്യാലയമാണ് നമ്മുടേത്. മഹത്തും ബൃഹത്തുമായ പാരമ്പര്യമുള്ള വിദ്യാലയത്തിന്റെ ഐതിഹാസികമായ ഈ സംരഭത്തിന് നാം നേർസാക്ഷികളാണ്.

വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടേയും സർവ്വതോന്മുഖമായ വികാസമാണ് പൊതുവിദ്യാഭ്യാസ യജ്ഞം ലക്ഷ്യമിടുന്നത്. വിഷയാടിസ്ഥാനത്തിലുള്ള മികവിനൊപ്പം വിദ്യാർത്ഥികളുടെ സർഗ്ഗശേഷിയും കലാകായിക സാഹിത്യാഭിരുചികളും പ്രദാനം ചെയ്യുക, പാർശ്വവൽക്കരിക്കപ്പെട്ടവരും ഭിന്നശേഷിക്കാരുമായ വിദ്യാർത്ഥികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക, വിദ്യാർത്ഥികൾക്ക് ജീവിതത്തിന്റെ സമസ്തമേഖലകളിലും സ്വയം പര്യാപ്തത നേടാനുള്ള ശേഷി വളർത്തുക തുടങ്ങിയവയാണ് ഈ യജ്ഞത്തിന്റെ ഉദ്ദേശ്യം.

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള അക്കാദമിക ഭൗതിക സാഹചര്യങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യപ്രാപ്തിക്കായി നാമേവരും പ്രതിജ്ഞാബദ്ധരാണ്. വരുംതലമുറയ്ക്ക് നമ്മേ കൊണ്ട് നൽകാൻ കഴിയുന്ന ഏറ്റവും മഹത്തായ സംഭാവനയാകുമിത്.

നൂറ്റാണ്ടിനിപ്പുറം അത്യന്താധുനിക വിദ്യാഭ്യാസ സൗകര്യങ്ങളിലേക്ക് എത്തിച്ചേരുമ്പോൾ അന്നുതൊട്ടിന്നോളം വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വേണ്ടി അഹോരാത്രം യത്നിച്ച സുമനസ്സുകൾക്കും ഗുരുജനങ്ങൾക്കും ശതകോടി പ്രണാമം.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

# മലയാളം – ഹൈസ്കൂൾ വിഭാഗം

## കാഴ്ചപ്പാട്

* എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ നേടാൻ കഴിയുക.
* ദൈനംദിന പ്രവർത്തനങ്ങളിൽ ഭാഷാപ്രയോഗത്തിനുള്ള മികവ് വളർത്തുക.
* കുട്ടികളിലെ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുക.
* ഭാഷാപരമായും സാഹിത്യപരമായും അവബോധം സൃഷ്ടിക്കുക.
* സർഗ്ഗാത്മകശേഷികൾ പ്രകടിപ്പിക്കുവാൻ വേണ്ട വേദി സജ്ജമാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസം എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | * ശ്രദ്ധ ക്ലാസ്സിന്റെ ഫലപ്രദമായ ബോധനത്തിലൂടെ അക്ഷരത്തെറ്റ് പരിഹരിക്കാൻ കഴിയുന്നു. | * മലയാളം വിഷയസമിതി<br>* ബഡ്സിംഗ് റൈറ്റേഴ്സ് കൂട്ടായ്മ | * ജൂൺ - ഡിസംബർ |
| സമഗ്രഗുണമേന്മ പഠന പരിപാടിയുടെ ഭാഗമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ്. | * ചിഹ്നങ്ങൾ ഉറപ്പിക്കാൻ കഴിയുന്നു.<br>* നിരന്തര മൂല്യനിർണ്ണയം<br>* അവലോകനം<br>* ക്ലാസ്സ് തലത്തിലൂടെ പരിഹാരബോധനം | * ലൈബ്രറി ചുമതലയുള്ള അധ്യാപകർ | * ജൂൺ മുതൽ ഫെബ്രുവരി വരെ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | * ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>* സ്കൂൾ ലൈബ്രററി ഫലപ്രദമായി വിനിയോഗിക്കൽ<br>* സമീപ ഗ്രന്ഥശാലകളിൽ കുട്ടികളെക്കൊണ്ട് അംഗത്വം എടുപ്പിക്കൽ<br>* അവിടെ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സമയബന്ധിതമായി കുട്ടികൾക്ക് വിവരം നൽകുന്നു. | * വിദ്യാരംഗം കലാസാഹിത്യ സമിതി<br>* ക്ലാസ്സധ്യാപകർ<br>* മലയാളം വിഷയസമിതി<br>* ലൈബ്രറിയൻ | ജൂൺ മുതൽ ഫെബ്രുവരി വരെ |
| 3. പത്രവായന പരിപോഷിപ്പിക്കുക | * ഓരോ ക്ലാസ്സിന് ഓരോ പത്രം<br>* ക്ലാസ്സ് അസംബ്ലിയിലൂടെ പത്രവായന, ചിന്താവിഷയം എന്നിവ പങ്കുവെയ്ക്കുന്നു. | * ക്ലാസ്സ് ലീഡേഴ്സ് | ജൂൺ മുതൽ ഫെബ്രുവരി വരെ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
| --- | --- | --- | --- |
| 4. സാഹിത്യ പ്രശ്നോത്തരി സംഘടിപ്പിക്കൽ | * ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.<br>* കൃതികളെയും എഴുത്തുകാരനെയും പരിചയപ്പെടാൻ, സാഹിത്യ പ്രശ്നോത്തരികൾ സഹായകമാകുന്നു. | * മലയാളം വിഷയസമിതി ചേർന്ന് ചോദ്യങ്ങൾ തയ്യാറാക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ |
| 5. സർഗ്ഗശേഷി പരിപോഷിപ്പിക്കൽ | * വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പങ്കാളിത്തത്തോടെ ഭാഷാപരമായും സാഹിത്യപരമായും മികച്ച ശേഷി കൈവരുന്നു.<br>* ദിനാചരണങ്ങൾ<br>* സംവാദം<br>* രചനാ മത്സരങ്ങൾ<br>* അഭിനയമികവ് കണ്ടെത്തൽ | * മലയാളം വിഷയസമിതി<br>* ലൈബ്രേറിയൻ<br>* വിദ്യാരംഗം കലാസാഹിത്യ വേദി കൺവീനർ | ജൂൺ മുതൽ ഫെബ്രുവരി വരെ |

# ഗവ: ഹയർ സെക്കണ്ടറി സ്കൂൾ അയ്യൽകോയിക്കൽ
# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 അറബിക് (H S)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക. | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ .........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ - നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി. ആർ. സി ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർ ഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | ക്ലാസ് കയ്യെഴുത്ത് മാഗസീനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസീന് സമ്മാനം നൽകും. | സെപ്റ്റംബർ - നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| | കയ്യെഴുത്ത് മാഗസീനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസീൻ തയ്യാറാക്കുക. | നവംബർ - ഡിസംബർ | | സ്പോൺസർ ഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂലായ് - ആഗസ്റ്റ് | സ്റ്റേജ് സൗണ്ട് ബോക്സ് | പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർ ഷിപ്പ് അധ്യാപകർ |
| <u>**പ്രതിഭകളെ കണ്ടെത്തൽ**</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |
| <u>**ദിനാചരണങ്ങൾ**</u><br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | | | |
| <u>**ആസ്വാദനം**</u> | ഐ. ടി. സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | നവംബർ | ഡി. സി, കമ്പ്യൂട്ടർ, ടിവി പ്രൊജക്ടർ | അധ്യാപകർ |
| | | ജനുവരി | ഡി. സി. കമ്പ്യൂട്ടർ, ടി.വി. പ്രൊജക്ടർ | അധ്യാപകർ |
| <u>**അറബിക് ലാംഗ്വേജ് ലാബ്**</u> | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക. | ഡിസംബർ | ഡി. സി., കമ്പ്യൂട്ടർ, ടിവി, പ്രൊജക്ടർ | ബി. ആർ. സി. ഡയറ്റ് പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർ ഷിപ്പ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| **<u>അറബിക് ഫെസ്റ്റ്</u>**<br>അറബി ഭാഷയെ കുറിച്ച് കൂടുതല റിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടി പ്പിക്കുന്നു. | | | |

# AREA - E NGLISH LANGUAGE LEARNING

| AIM | ACTIVITY | PERIOD | ASSIGNED BY | EXPENSE |
|---|---|---|---|---|
| **LISTENING**<br>Gives ample opportunities for listening | Teachers give opportunities for listening to stories, news, recitation, speech etc in smart rooms. | Once a week | English Teachers | |
| **SPEAKING**<br>Creates situations to deliver language | Teacher gives a topic in the class and asks the children to speak on the topic for 2-3 minutes Teacher makes students to perform role play and skits based on the text. | Twice a week | English Teachers | |
| **ENGLISH ASSEMBLY** | Students conduct English assembly once in a month. | Once a month | English teachers | |
| **READING**<br>Provides an environment for the students to read stories | Students are provided with news papers, story books, poems, articles etc from the library. They are asked to perform choreography skits based on the reading material. | Once a week | English teachers | |
| **WRITING**<br>Givews ample opportunities for writing. | Teacher gives a topic and asks to write a story on it. Teacher gives some lines of a poem and asks the students to add some more lines to it. | Once a week | English teachers | |

| AIM | ACTIVITY | PERIOD | ASSIGNED BY | EXPENSE |
|---|---|---|---|---|
| **COMPREHENSION** | Students are asked to make comic strips based on the textual story | Once a week | | |
| | Teacher asks the students to prepare a review based on a short story or a news segment and answer the questions to check their understanding. | Twice a week | English Teachers | |
| **ENGLISH FILM SHOW** | English films with subtitles are exhibited to the students and are asked to prepare reviews of the films | Once a month | English Club | |
| **VOCABULARY BUILDING** | New words are introduced daily as 'Word of the Day' either by students or teachers in the class. | Daily | English teachers | |
| | Vocabulary games or quizzes are conducted to ensure their vocabulary building capacity. | Once a week | English Club | |
| **GRAMMAR PRACTICE** | Grammar topics such as parts of speech, tenses etc are introduced to students through games. Exercises are given for further practice. Grammar tests are conducted once in a month. | Once a week | English teachers | |

| AIM | ACTIVITY | PERIOD | ASSIGNED BY | EXPENSE |
|---|---|---|---|---|
| **PRONUNCIATION IMPROVEMENT** | Teachers familiarize children with correct pronunciation of the words. Students practise difficult sounds and words and participate is speaking exercises. | Once a week | English Teachers | |
| **GROUP ACTIVITY** | Various topics are given to groups of studnets and are asked to conducte panel discussions, debates, prepare mock interviews, ad jingles, speech choir, tableau etc. | Twice a month | English teachers English club | |
| **ENGLISH FEST** | English Fest will be conducted based on the different activities/performances performed by the students during the academic year. | Once a year | English teachers English Club | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26 ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

* എല്ലാ വിദ്യാർത്ഥികൾക്കും ഹിന്ദി ഭാഷ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിൽ നിന്നും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ വിദ്യാർത്ഥികളും നേടി എന്ന് ഉറപ്പു വരുത്തുക.
* ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

### എട്ടാം ക്ലാസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ പരിശീലിപ്പിക്കുന്നു.<br>ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു. | അക്ഷരമാല ഉൾപ്പെട്ട കാർഡ് നൽകുന്നു.<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽസിന്റെ സഹായത്തോടെ ഉച്ചാരണം സുഗമമാക്കുന്നു. | ജൂൺ - ജൂലൈ |
| ആഴ്ചകൾ, ദിവസങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ഓരോ വിദ്യാർത്ഥികൾക്കും അവരുടെ ജനന തീയതി ഹിന്ദിയിൽ എഴുതാൻ നിർദ്ദേശിക്കുന്നു.<br>ഹിന്ദി കലണ്ടർ നിർമ്മിക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.<br>ചിത്രകഥ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. | കേട്ടെഴുത്ത്,<br>പദസൂര്യൻ എന്നിവ നൽകുന്നു.<br>വാക്കുകൾ<br>തിരിച്ചറിയാനായി<br>ചെറുകവിതകൾ,<br>ചിത്രകഥ എന്നിവ വായനയ്ക്കായി നൽകുന്നു | ഡിസംബർ - ജനുവരി |
| | **ഒമ്പതാം ക്ലാസ്** | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** |
| ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽകുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രകഥാ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. | ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസിലാക്കുന്നു.<br>വാക്യഘടന പരിചയപ്പെടുത്തുന്നു.<br>മുദ്രാവാക്യങ്ങൾ എഴുതിക്കുന്നു. | സർവ്വനാമം, വിശേഷണം എന്നിവ അടങ്ങിയ ചാർട്ടുകൾ നൽകുന്നു.<br>കവിതയും കഥയും പൂരിപ്പിക്കാൻ നൽകുന്നു, | ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കിക്കുന്നു, | പോസ്റ്ററിന്റെ മാതൃക നൽകുന്നു. കുട്ടികളെ ക്കൊണ്ട് ചെയ്യിപ്പിക്കാൻ ശ്രമിക്കുന്നു. | ഡിസംബർ - ജനുവരി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ അറിയുന്നു. | ചെറിയ ചെറിയ കവിതകളുടെ ആസ്വാദനക്കുറിപ്പ് എഴുതാൻ നിർദേശം നൽകുന്നു. | ഡിസംബർ - ജനുവരി |
| **പത്താം ക്ലാസ്** | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാപരമായ പ്രവർത്തനങ്ങൾ നൽകുന്നു. | നാടകം അവതരിപ്പിക്കുന്നു.<br>സംഭാഷണങ്ങൾ തയ്യാറാക്കാൻ നിർദ്ദേശം നൽകുന്നു. | ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | പദ്യം ചൊല്ലൽ, പ്രസംഗം, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് - ഒക്ടോബർ |
| കഥയെ തിരക്കഥയാക്കി മാറ്റാനറിയുന്നു. കഥാപാത്ര നിരൂപണം, ഡയറി എന്നിവ തയ്യാറാക്കാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രത്തെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു.<br>എല്ലാ ദിവസവും ഡയറി എഴുതാൻ നിർദേശിക്കുന്നു. | നവംബർ - ജനുവരി |

# മാസ്റ്റർ പ്ലാൻ - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കാടും, മേടും, ചരിത്ര പ്രാധാന്യവുമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. വയൽ കിളികൾ : സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചിത തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരവബോധം, മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ : സ്കൂൾ പാർലമെന്റ് മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. സ്റ്റാർട്ട് അപ്പ് : സാമൂഹ്യശാസ്ത്ര ലാബുകൾ, ക്രമീകരിക്കുന്നു. ആകാശകാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചിത തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ സുമനുസുകൾ |
| 3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സ്റ്റാർട്ട് അപ്പ്: സാമൂഹ്യശാസ്ത്ര ലാബുകൾ, ക്രമീകരിക്കുന്നു. ആകാശകാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുക. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:- സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ-ശാസ്ത്ര ക്ലബ് |
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | പട്ടുപാതയിലൂടെ:- ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്നു. കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തു. | മൈ സിനിമ റൂം: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെ ക്കുറിച്ചും, കാറ്റുകൾ സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | വീഡിയോ പ്രദർശനം പ്രോജക്ട് റൂം തുടങ്ങിയ സിനിമ (ചരിത്ര സിനിമ പ്രദർശനം)<br>**ചരിത്ര കൊട്ടാരം:-**<br>വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും, കേട്ടും, തൊട്ടറിഞ്ഞും, പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമി വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ - ഫിസിക്കൽ സയൻസ്

| പ്രവർത്തനങ്ങൾ | കാലം | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|
| 1. സ്കൂൾ ലാബ് നവീകരണം | | | | |
| 2. പരിസ്ഥിതി ദിനാചരണം<br>* ശുചീകരണം<br>* വൃക്ഷത്തൈ നടീൽ | ജൂൺ | സയൻസ്<br>അധ്യാപകർ | | |
| * ബോധവൽക്കരണ ക്ലാസ്സുകൾ<br>* ചിത്രരചന, പ്ലകാർഡ്, ആൽബം, പോസ്റ്റർ<br>* ജൈവവൈവിധ്യ പാർക്ക് സന്ദർശനം | | സയൻസ് &<br>Eco Club | സ്പോൺസേഴ്സ് | |
| 3. * ഓരോ ക്ലാസ്സിലും സയൻസ് കോർണർ ഒരുക്കൽ | | സയൻസ് ക്ലബ്ബ് | | |
| * സയൻസ് കോർണർ വഴി ലഘു പരീക്ഷണം പ്രദർശനം | വർഷം മുഴുവൻ | സയൻസ് ക്ലബ്ബ് | സ്പോൺസേഴ്സ് | |
| 4. സിമ്പിൾ പെൻഡുലം നിർമ്മാണം | ജൂൺ | സയൻസ്<br>അധ്യാപകർ | | |

| പ്രവർത്തനങ്ങൾ | കാലം | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|
| 5. സെമിനാർ - വിദ്യാർത്ഥികളും റോഡ് സുരക്ഷയും | ജൂലൈ | സയൻസ് അധ്യാപകർ | സ്പോൺസേഴ്സ് | |
| 6. ഓർഗാനിക് ഫെസ്റ്റ് | ജൂലൈ | സയൻസ് അധ്യാപകർ | സ്പോൺസേഴ്സ് | |
| 7. ചാന്ദ്രദിന പരിപാടികൾ<br>പതിപ്പ്, പോസ്റ്റർ, ക്വിസ്<br>ചാന്ദ്രാദിനാചരണം, ചാന്ദ്ര യാത്ര പുനരാവിഷ്കരണം | | | | |
| 8. ലോക പ്രകൃതി സംരക്ഷണ ദിനാ ചരണം<br>ക്യാംപസ് മാലിന്യ വിമുക്തമാക്കുന്നു. | | | | |
| 9. കാർഷിക ദിനം - കാർഷിക അവബോധം മെച്ചപ്പെടുത്തുന്ന ക്ലാസ്സ് നൽകൽ, കാർഷിക വിളകളുടെ പ്രദർശനം | ഓഗസ്റ്റ് | സയൻസ് അധ്യാപകർ | സ്പോൺസേഴ്സ് | |
| 10. ടെലസ്കോപ്പ് നിർമ്മാണം | ഓഗസ്റ്റ് | സയൻസ് ക്ലബ്ബ് | | |
| 11. തന്മാത്ര മാതൃകകൾ നിർമ്മാണം | | | | |
| 12. ലഘു പ്രോജക്ട് തയ്യാറാക്കൽ<br>മെച്ചപ്പെട്ട പ്രോജക്ടുകൾ അവതരണം<br>13. NMMS പരിശീലനം ആരംഭിക്കുന്നു. | | സയൻസ്, SS, Maths അധ്യാപകർ | സ്പോൺസേഴ്സ് | |

| പ്രവർത്തനങ്ങൾ | കാലം | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|
| 14. സ്കൂൾതല ശാസ്ത്രമേള, ശാസ്ത്ര നാടകം | സെപ്റ്റംബർ | സയൻസ് അധ്യാപകർ | സ്പോൺസേഴ്സ് | |
| 15. ന്യൂട്ടൻസ് കളർഡിസ്ക് നിർമ്മാണം പ്രാഥമിക വർണ്ണങ്ങളും ദ്വിതീയ വർണ്ണങ്ങളും, LED ബൾബ് ഉപയോഗിച്ച് നിർമ്മാണം. | | സയൻസ് അധ്യാപകർ | സ്പോൺസേഴ്സ് | |
| 16. ഓസോൺ ദിനം - ഡോക്യുമെന്ററി പ്രദർശനം | സെപ്റ്റംബർ | സയൻസ് അധ്യാപകർ | പി.ടി.എ | |
| 17. ലാബ് ഉപകരണ നിർമ്മാണ ശില്പശാല (inprovided aids) | | | | |
| 18. ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് | നവംബർ | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപകർ | | |
| 19. കൊളോയിഡ്, ലായനി, സസ്പെൻഷൻ - നിർമ്മാണം | | | | |
| 20. സിവി രാമൻ ദിനം<br>* ശാസ്ത്രകേന്ദ്ര സന്ദർശനം<br>* ശാസ്ത്രപതിപ്പ് തയ്യാറാക്കൽ<br>* സി. വി. രാമൻ സംഭാവനകൾ അവതരണം | നവംബർ | സയൻസ് ക്ലബ്ബ് | | |

| പ്രവർത്തനങ്ങൾ | കാലം | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|
| 21. ഊർജ്ജ സംരക്ഷണ ദിനം - കുട്ടികൾ തങ്ങളുടെ വീടുകളിൽ ഉപയോഗിക്കുന്ന വൈദ്യുതോപകരണങ്ങളുടെ പവറും, അവ ഉപയോഗിക്കുമ്പോൾ ചെലവാകുന്ന ഊർജ്ജവും കണ്ടെത്തുന്നു. വൈദ്യുത ചെലവ് കുറയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുന്നു. | ഡിസംബർ | ഊർജ്ജ ക്ലബ്ബ്<br>സയൻസ്<br>അധ്യാപകർ | | |
| 22. ശബ്ദമുണ്ടാക്കുന്ന വിവിധ തരം കളിപ്പാട്ട നിർമ്മാണവും പ്രദർശനവും | ജനുവരി | സയൻസ്<br>അധ്യാപകർ,<br>സയൻസ് ക്ലബ്ബ് | സ്പോൺസേഴ്സ് | |
| 23. സെമിനാർ - ക്ലാസ്സ് തലം<br>വിഷയം : കാലാവസ്ഥ വ്യതിയാനം | | സയൻസ്<br>അധ്യാപകർ | | |
| 24. ശാസ്ത്രദിനാചരണം, വനവൽക്കരണ ദിനാചരണം | ഫെബ്രുവരി | സയൻസ്<br>ക്ലബ്ബ് | | |
| 25. വർഷാന്ത്യ പരീക്ഷ ഒരുക്കം. | | | | |

# അക്കാഡമിക് മാസ്റ്റർ ഹൈസ്കൂൾ - ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. 8 മുതൽ 10 വരെയുള്ള കുട്ടികൾക്ക് ജീവശാസ്ത്രപഠനം ഫലപ്രദമാക്കുന്നതിനും പഠന നേട്ടമുണ്ടാക്കുന്നതിനും | മുന്നറിവ് പരിശോധിക്കലിന്റെ ഭാഗമായി ചർച്ച സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കൽ മുൻക്ലാസ്സുകളിൽ അവർ നേടിയ അറിവുകൾ കണ്ടെത്തി പരിമിതികൾ പരിഹരിക്കുന്നതിന് ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തൽ. | ജൂൺ | ബയോളജി ടീച്ചർ | |
| 2. ശാസ്ത്ര പഠനത്തിൽ താൽപര്യം ഉളവാക്കാൻ | ശാസ്ത്രപഠനത്തിന് ആവശ്യമായ ലിസ്റ്റ് തയ്യാറാക്കുക. തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ ഉറപ്പക്കൽ നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവ ക്രമപ്പെടുത്തുന്നു. | ജൂലൈ ആഗസ്റ്റ് | സയൻസ് ടീച്ചർ | |
| 3. ശാസ്ത്രപതിപ്പ് നിർമ്മാണം, പ്രോജക്ട്, സെമിനാർ | ശാസ്ത്രപതിപ്പ് നിർമ്മാണത്തിന് ശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തിയ പുസ്തകത്തിൽ നിന്ന് ആവശ്യമായ അറിവുകൾ കണ്ടെത്തുകയും, | സെപ്റ്റംബർ ഒക്ടോബർ | സയൻസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ശാസ്ത്രപതിപ്പ് നിർമ്മാണം, പ്രോജക്ട്, സെമിനാർ | പേപ്പർ കട്ടിംഗ്, ശാസ്ത്രമാസിക എന്നിവയിൽ നിന്ന് ആവശ്യമായ രേഖകൾ കണ്ടെത്തുകയും ചെയ്യുക. ഐ.സി.റ്റി സാധ്യത ഉപയോഗപ്പെടുത്തി ഗ്രൂപ്പുകളായി പാഠഭാഗവുമായി ബന്ധപ്പെടുത്തി പ്രിന്റ് എടുത്ത് പതിപ്പിക്കുക. പ്രോജക്ടിന് വേണ്ടി ഫീൽഡ് ട്രിപ്പ് | സെപ്റ്റംബർ ഒക്ടോബർ | സയൻസ് ടീച്ചർ | |
| **ഉപമേഖല - പരിസ്ഥിതി സംരക്ഷണം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| സ്കൂൾ പച്ചക്കറിത്തോട്ടം വിപുലപ്പെടുത്തൽ | 8-ാം ക്ലാസിലെ കാർഷികമേഖലയുമായി ബന്ധപ്പെട്ട പാഠപുസ്തകത്തെ ആസ്പദമാക്കി സ്കൂൾ പച്ചക്കറിത്തോട്ടം വിപുലമാക്കുക. | 3 മാസം | ഇക്കോ ക്ലബ്ബ് | |
| ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, പതിപ്പ് തയ്യാറാക്കുക. | 6 മാസത്തിലൊരിക്കൽ | സയൻസ് ടീച്ചർ | |
| ചോദ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശിൽപശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ, ചോദ്യപേപ്പർ സംഗ്രയിൽ അപ്‌ലോഡ് ചെയ്യൽ | | ജീവശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മോഡൽ നിർമ്മാണം (ശിൽപശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശിൽപശാലയിലൂടെ നിർമ്മിക്കൽ | പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നതിനനുസരിച്ച് | സയൻസ് ടീച്ചർ | |
| ഉപമേഖല - ആരോഗ്യ സംരക്ഷണം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ആരോഗ്യ സംരക്ഷണം | പത്താംക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ജ്ഞാനേന്ദ്രിയങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട അവബോധ ക്ലാസുകൾ സംഘടിപ്പിക്കൽ | | സ്കൂൾ ഹെൽത്ത് ക്ലബ്ബ് | |
| കുട്ടികളിലെ കാഴ്ച്ച വൈകല്യം തിരിച്ചറിയൽ | നേത്രപരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കൽ | | സ്കൂൾ ഹെൽത്ത് ക്ലബ്ബ് | |
| രോഗ പ്രതിരോധം | പാഠപുസ്തകവുമായി ബന്ധപ്പെട്ട് രോഗങ്ങൾ വരാതിരിക്കാനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കൽ | | സ്കൂൾ ഹെൽത്ത് ക്ലബ്ബ് SPC | |

## ഉപമേഖല - ശുചിത്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹരിത ക്യാമ്പസ് പ്രഖ്യാപനം | സ്കൂൾ ക്യാമ്പസ് വൃത്തിയായി സൂക്ഷിക്കുന്നതിനും സമ്പൂർണ്ണ പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസായി നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ | | ശുചിത്വ ക്ലബ്ബ് SPC | |
| പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി, കുട്ടി - കുട്ടി (Peer group) എന്നിങ്ങനെ പരിശീലനം | ആഴ്ചയിൽ രണ്ടു ദിവസം | ബയോളജി അധ്യാപകർ | |
| സ്കൂൾ ലാബ് സജ്ജമാക്കൽ | ക്ലാസ് മുറിയിൽ സൂക്ഷിക്കാൻ കഴിയാത്ത സാമഗ്രികൾ തുടങ്ങിയവ ഏതു ക്ലാസിലാണ് ഉപയോഗിക്കാവുന്നത് എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ | ഡിസംബർ | സയൻസ് ടീച്ചർ | |
| ദിനാചരണവുമായി ബന്ധപ്പെട്ട് | ദിനാചരണവുമായി ബന്ധപ്പെട്ട് പ്രത്യേക അസംബ്ലിയിൽ ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെടുത്തി സെമിനാറുകളും ക്ലാസുകളും സംഘടിപ്പിക്കുന്നു.<br>പി.റ്റി.എ. യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച് അവതരണം, സാമഗ്രികളുടെ ശേഖരണം എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. | സെപ്റ്റംബർ, നവംബർ | സയൻസ് ടീച്ചർ | |

# അക്കാദമിക് മാസ്റ്റർ ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം - പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നാക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമിതികളുടെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാല | | | |
| 3. ഗണിതാശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ശില്പശാല നടത്തുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്ബ് | |
| 4. സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘതലവൻ | |
| 5. അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയസമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നീ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം തുടർ പ്രവർത്തനം | അധ്യാപകർ | |
| 6. ഗണിത മൽസരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മൽസരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ | |
| 7. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്കാവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കും. | അക്കാദമിക വർഷം | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.റ്റി.എ. നടത്തുന്നു. ചുമതലകൾ നൽകുന്നു. | മാസത്തിൽ ഒന്ന് | അധ്യാപകർ, എച്ച്. എം. | |
| 9. ഗണിത താല്പര്യം വർദ്ധിപ്പിക്കുക. | ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, അവരുടെ സംഭാവനകൾ ഗണിത തത്വങ്ങൾ ഇവ ഉൾപ്പെടുന്ന ചാർട്ട് പ്രദർശനം | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |
| 10. ഗണിതത്തിൽ ആഴത്തിൽ അറിവുണ്ടാക്കുക. | ഗണിത വർക്ക്ഷോപ്പുകൾ നടത്തുക | ഓരോ ടേം | അധ്യാപകർ, വിദ്യാർത്ഥികൾ | |
| 11. ത്രിമാന രൂപങ്ങളെപ്പറ്റിയുള്ള അറിവ് വർദ്ധിപ്പിക്കുക. | ഗണിത രൂപങ്ങളുടെ നിർമിതി | സിലബസനുസരിച്ച് | ഗണിതാധ്യാപകർ | |
| 12. ഗണിത താത്പര്യം വർദ്ധിപ്പിക്കുക. | പ്രഗത്ഭരായ ഗണിതാധ്യാപകരെ കൊണ്ട് വന്ന് സെമിനാർ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | അധ്യാപകർ | |
| 13. പണം, സമയം, പലിശ, അളവുകൾ തുടങ്ങിയ വിഷയങ്ങളിലുള്ള അറിവ് വർദ്ധിപ്പിക്കുക. | ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. | ആഴ്ചയിൽ ഒന്ന് | അധ്യാപകർ | |
| 14. ഗണിത താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ക്ലബ്ബ് രൂപീകരണം | അക്കാദമിക വർഷം | അധ്യാപകർ | |
| 15. ഗണിതത്തിൽ ആഴത്തിലുള്ള അറിവുണ്ടാക്കുക | അന്വേഷണാത്മകമായി അപഗ്രഥിച്ച് കണ്ടെത്താവുന്ന പ്രോജക്ടുകൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | ടേം വൈസ് | അധ്യാപകർ കുട്ടികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 16. ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, പസിലുകൾ ഇത്തരം വിഷയങ്ങളിൽ കൂടുതൽ അറിവുണ്ടാക്കുക. | ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള മാഗസിൻ നിർമാണം | വർഷത്തിൽ ഒന്ന് | ഗണിതാധ്യാപകർ കുട്ടികൾ | |
| 17. പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുക. | Remedial Teaching | Evening class | അധ്യാപകർ | |
| 18. ഗണിതത്തിൽ മിടുക്കരായ കുട്ടികളെ കണ്ടെത്തുക. | സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങളിലൂടെ ഗണിതത്തിൽ മിടുക്കരായ കുട്ടികളെ കണ്ടെത്തി അനുമോദിക്കുന്നു. | വർഷാവസാനം | അധ്യാപകർ | |
| 19. ജിയോജിബ്ര പ്രവർത്തനം താല്പര്യം വർദ്ധിപ്പിക്കുക. | IT യിൽ മിടുക്കരായ കുട്ടികളെ ഉൾപ്പെടുത്തി ജിയോജിബ്ര പ്രവർത്തനം നടപ്പിലാക്കുന്നു. | സിലബസ് അനുസരിച്ച് | അധ്യാപകർ | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവനം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>**ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടേയും വാക്കുകളുടേയും നിർമ്മാണം | ജൂൺ മാസം<br><br>ജൂൺ മാസം<br><br>ജൂൺ മാസം | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്ത ലോകത്തേക്ക്**<br>പത്രം, ആഴ്ചപതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **വാർത്ത വായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു, ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | പ്രതിമാസം<br>വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ്<br>മലയാളം ക്ലബ്ബ് | |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരൻമാരോടുമുള്ള അനുകൂല മനോഭാവം വളർ ത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **അഭിമുഖം / സംവാദം**<br>കുട്ടികൾ പരസ്പരം എഴുത്തുകാരന്റെ സാഹിത്യകാരൻമാർ കലാകാരൻമാർ എന്നിവരായി മാറി അഭുമുഖ സംഭാഷണം സംവാദം എന്നിവ സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം ക്ലബ് ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | |
| 4. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്ക്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | പി.ടി.എ. സ്കൂൾ | |
